# പലിശക്കെതിരെയുള്ള പോരാട്ടം ഉദാത്തമായ ധർമസമരം

**മദീന:** പലിശക്കെതിരിലുള്ള ബോധവത്ക്കരണങ്ങളും പ്രവർത്തനങ്ങളും ആധുനിക ലോകത്തെ ഏറ്റവും വലിയ ധർമസമരവും പോരാട്ടവുമാണെന്ന് മദീന തനിമ കലാസാംസ്കാരികവേദി അധ്യക്ഷൻ ജഅ്ഫർ എളമ്പിലാക്കോട് അഭിപ്രായപ്പെട്ടു. തനിമ കലാസാംസ്കാരികവേദി മദീന ദാർഹിറ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച മാസാന്ത പഠനക്ലാസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമൂഹത്തിലെ ദുർബലരെ ചൂഷണം ചെയ്യാനും അടിച്ചമർത്താനും വേണ്ടി സമ്പന്നൻ കണ്ടെത്തിയ കുറുക്കുവഴിയാണ് പലിശ. അത് പാവപ്പെട്ടവനെ കൂടുതൽ പാവപ്പെട്ടവനും പണക്കാരനെ കൂടുതൽ പണക്കാരനുമാക്കുന്നു. അതിനാൽ ദുർബലരുടെ വിമോചനത്തിനുവേണ്ടി കടന്നുവന്ന പ്രവാചകന്മാർ പലിശക്കും സാമ്പത്തിക ചൂഷണങ്ങൾക്കുമെതിരിൽ പോരാടിയത് സ്വാഭാവികം മാത്രം. അദ്ദേഹം പറഞ്ഞു.

കെ.ടി ഹംസ പയ്യോളി അധ്യക്ഷത വഹിച്ചു. റഷീദ് വളാഞ്ചേരി സ്വാഗതവും അബ്ദുറഷീദ് രണ്ടത്താണി നന്ദിയും പറഞ്ഞു. ശറഫുദ്ദീൻ ഖിറാഅത്ത് നടത്തി. അബ്ദുൽ ഹഖ് തിരൂരങ്ങാടി, ശരീഫ് കാസർകോട്, മജീദ് ചെമ്മാട്, നസീർ ബാഖവി, മുഹമ്മദ് റിപ്പൺ, അൽത്താഫ് കൂട്ടിലങ്ങാടി പങ്കെടുത്തു.




*തനിമ കലാസാംസ്കാരിക വേദി സംഘടിപ്പിച്ച മാസാന്ത പഠന ക്ലാസ് ജഅ്ഫർ എളമ്പിലാക്കോട് ഉദ്ഘാടനം ചെയ്യുന്നു.*

# യൂത്ത്ഫോറം കാമ്പയിൻ ഏകദിന സെവൻസ് ഫുട്ബാൾ: **ഓൺ ഗോൾ ദഖീറ ചാമ്പ്യന്മാർ**

**അൽഖോർ:** 'യുവത്വം: സൗഹാർദത്തിന്റെ വീണ്ടെടുപ്പിന്' എന്ന തലക്കെട്ടിൽ യൂത്ത് ഫോറം അൽഖോറിൽ നടത്തുന്ന കാമ്പയിന്റെ ഭാഗമായി അൽഖോർ യൂത്ത് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന ഏകദിന ഫുട്ബാൾ ടൂർണമെന്റിൽ സ്പോർട്സ് സോൺ അൽഖോറിനെ പരാജയപ്പെടുത്തി ഓൺ ഗോൾ ദഖീറ ചാമ്പ്യന്മാരായി.

ഓൺ ഗോൾ ദഖീറയുടെ ബെന്നി മികച്ച താരമായും ജോയ് മികച്ച ഗോൾ കീപ്പറായും തെരഞ്ഞെടുക്കപ്പെട്ടു. അൽഖോർ കമ്മ്യൂണിറ്റി ഗ്രൗണ്ടിൽ നടന്ന ടൂർണമെന്റ് യൂത്ത് ഫോറം അൽഖോർ മേഖലാ പ്രസിഡന്റ് ജംഷീദ് ഇബ്റാഹീം ഉദ്ഘാടനം ചെയ്തു. സെവൻ ഡെയ്സ് കമ്പ്യൂട്ടേഴ്സ് അൽഖോർ സ്പോൺസർ ചെയ്ത പ്രൈസ്മണിയും കപ്പും കമ്പനി എം.ഡി വരപ്രസാദ് വിതരണം ചെയ്തു. യൂത്ത് ക്ലബ് പ്രസിഡന്റ് സി.പി സാദിഖും സെക്രട്ടറി മൻസൂറും മേൽനോട്ടം വഹിച്ചു. കാമ്പയിൻ കൺവീനർ മുഹമ്മദലി നന്ദി പറഞ്ഞു.




*ഓൺ ഗോൾ ദഖീറ ടീം*

## പുതിയ കാലം തേടുന്നത് ബഹുസ്വരതയുടെ പൊതു ഇടങ്ങൾ

**ദോഹ:** ആശയവൈവിധ്യങ്ങൾ നിലനിർത്തി എല്ലാവരെയും ഉൾക്കൊള്ളാൻ പറ്റിയ വിശാല ജനാധിപത്യ ഇടമാണ് വസന്താനന്തര ലോകത്ത് രൂപപ്പെട്ടുവരുന്നതെന്നും, സമകാലിക പൊതുഇടങ്ങളിലെ സാമൂഹിക വികാസപ്രവർത്തനങ്ങളിൽ മതേതര കൂട്ടായ്മകൾക്കും വിമോചനാത്മക മതദർശനങ്ങൾക്കും ഇടമുണ്ടെന്നും എഫ്.സി.സി ചർച്ചാവേദി സംഘടിപ്പിച്ച 'സമകാലിക സമസ്യകൾ: ഒരു വിശകലനം' ചർച്ചാസായാഹ്നത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

വൈജ്ഞാനിക സംവാദങ്ങളിൽ വമ്പിച്ച വികാസമാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നും, വിശ്വാസാധിഷ്ഠിത വികസനം ചർച്ചകളിൽ ഉയർന്നുനിൽക്കുന്നുവെന്നും ആമുഖ ഭാഷണം നടത്തിയ *ബോധനം* ത്രൈമാസിക പത്രാധിപർ ശിഹാബ് പൂക്കോട്ടൂർ അഭിപ്രായപ്പെട്ടു. ജനസ്വാതന്ത്ര്യത്തിൽ വലിയ മുന്നേറ്റം നടന്ന തുർക്കി പോലുള്ള രാജ്യങ്ങൾ അക്കാദമിക ലോകത്ത് വലിയ പരിവർത്തനം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ആധുനികതക്ക് ശേഷം രൂപപ്പെട്ട സാമൂഹിക വികാസങ്ങളിൽ മതേതര സംഘങ്ങൾക്ക് പങ്കുള്ള തുപോലെ ആധുനികതക്ക് മുമ്പുള്ള കേരളത്തെ രൂപപ്പെടുത്തുന്നതിൽ മതമൂല്യങ്ങൾക്കും പങ്കുണ്ട്. യൂറോപ്പിലും ആഫ്രിക്കൻ നാടുകളിലും സാമ്രാജ്യത്വത്തിനെതിരായ സമരത്തിൽ മത-മതേതര ശക്തികളുടെ ഐക്യമാണ് ഇപ്പോൾ കാണുന്നത്. ഇന്ത്യയെ പോലുള്ള രാജ്യത്ത് ഇത്തരം ഐക്യത്തിന് വലിയ സാധ്യതകളുണ്ട്, അദ്ദേഹം പറഞ്ഞു.

എഫ്.സി.സി എക്സിക്യൂട്ടീവ് ഡയറക്ടർ ഹബീബുർറഹ്മാൻ കിഴിശ്ശേരി പരിപാടി നിയന്ത്രിച്ചു. നാമൂസ്, രാമചന്ദ്രൻ വെട്ടിക്കാട്ട്, കെ.ടി. മുബാറക്, നവാസ് മുക്രിയകത്ത്, സജീവ് ധർമൻ, വി.കെ.എം. കുട്ടി, അബ്ദുൽ അസീസ് കൂളിമുട്ടം, പ്രദോഷ് കുമാർ, സമീർ കാളികാവ്, അൻവർ, അഹമ്മദ്, ഹകീം പെരുമ്പിലാവ്, മുനീർ, ജബ്ബാർ, അശ്റഫ് ഉളിയിൽ ചർച്ചയിൽ പങ്കെടുത്തു.

# മാധ്യമങ്ങൾ തുർക്കിയിലെ പ്രശ്നത്തെ പർവതീകരിക്കുന്നു: അംബാസഡർ

**അബൂദബി:** തുർക്കിയിലെ ഇസ്തംബൂളിലെ തഖ്സിം ചത്വരം പൊളിച്ചു വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനെതിരെയുണ്ടായ പ്രക്ഷോഭത്തെ തുർക്കി വസന്തമായും പ്രസിഡന്റ് റജബ് ഉർദുഗാനെ സിറിയൻ പ്രസിഡന്റ് ബശ്ശാറിനോട് ഉപമിച്ചും അന്താരാഷ്ട്ര മാധ്യമങ്ങൾ സംഭവത്തെ പർവതീകരിച്ചു കാണിക്കുകയാണെന്നു യു.എ.ഇയിലെ തുർക്കി അംബാസഡർ വുരൻ ആന്റയ് പറഞ്ഞു. ഇസ്തംബൂൾ സംഭവവുമായി റ്റ്വിറ്ററിലും മറ്റു സോഷ്യൽ മീഡിയകളിലും പ്രകോപനപരമായി വരുന്ന വാർത്തകളും ചിത്രങ്ങളും വ്യാജമാണ്. നിരവധി പ്രക്ഷോഭകർ മരണപ്പെട്ടുവെന്നും ഒട്ടേറെ പേർക്ക് പരിക്കേറ്റുവെന്നുമാണ് മീഡിയ റിപ്പോർട്ട് ചെയ്തത്. പ്രക്ഷോഭകരുടെ നേരെ ഓറഞ്ച് വാതകം പ്രയോഗിച്ചു എന്നതും സത്യസന്ധമായ വാർത്തയല്ല. രണ്ടു പേർ മരണപ്പെട്ടു എന്നു പ്രഖ്യാപിച്ച ആംനെസ്റ്റി ഇന്റർനാഷ്ണൽ പിന്നീടത് നിഷേധിക്കുകയുണ്ടായി. പ്രക്ഷോഭകരേക്കാളും കൂടുതൽ പരിക്കേറ്റത് പോലീസുകാർക്കാണ്. ഇത് വ്യക്തമാക്കുന്നത് ആക്രമണത്തിന്റെ സ്വഭാവത്തെയാണ്. അംബാസഡർ പറഞ്ഞു.

അറബ് വസന്തത്തോട് തുർക്കി വസന്തത്തെ താരതമ്യം ചെയ്യുന്നത് തന്നെ അപ്രസക്തമാണ്. തുർക്കി ഒരു പർലിമെന്ററി ജനാധിപത്യ രാജ്യമാണ്. അവസാനം 2011 ൽ നടന്ന തെരഞ്ഞെടുപ്പിൽ അമ്പതു ശതമാനത്തിൽ കൂടുതൽ വോട്ട് നേടിയാണ് എ.കെ പാർട്ടി അധികാരത്തിൽ വന്നത്. എൺപതു ശതമാനത്തിനു മുകളിലാണ് തുർക്കിയിലെ പോളിംഗ് ശതമാനം. പ്രക്ഷോഭം തുടങ്ങാൻ കാരണമായ




*തുർക്കി അംബാസഡർ വുരൻ ആന്റയ്*

തഖ്സീം ചത്വരത്തിന്റെ നവീകരണം എ.കെ പാർട്ടി 2011-ലെ തെരഞ്ഞെടുപ്പിൽ പ്രഖ്യാപിച്ചതാണ്. പദ്ധതിയെ കുറിച്ച് തെറ്റിദ്ധാരണയാണ് പ്രചരിക്കുന്നത്. കാൽനട പാത വിശാലമാക്കി ഗതാഗത സൗകര്യം വർധിപ്പിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇപ്പോഴത്തേതിനെക്കാളും ഹരിത പ്രദേശവും മരങ്ങളും വർധിക്കും പദ്ധതി പൂർത്തിയാകുമ്പോൾ. പാർക്കിനെ സംരക്ഷിക്കാൻ സമരം നടത്തുന്നവർ നിരവധി സർക്കാർ കെട്ടിടങ്ങളും പോലീസ്, മീഡിയ വാഹനങ്ങളും നശിപ്പിച്ചെന്നും തുർക്കി അംബാസഡർ പറഞ്ഞു.

# അഖ്റബിയ്യ ഖുർആനിക് മദ്റസക്ക് മികച്ച ജയം

**അൽഖോബാർ:** വമിയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഖോബാർ അഖ്റബിയ്യ ഖുർആനിക് മദ്റസാ വിദ്യാർഥികൾക്ക് മികച്ച ജയം. അഞ്ച്, ഏഴ് ക്ലാസുകളിൽ സുഊദി തലത്തിൽ നടന്ന പൊതുപരീക്ഷയിൽ അഖ്റബിയ്യ മദ്റസാ വിദ്യാർഥിയായ അൻജൂം മൂപ്പൻ ഏഴാം ക്ലാസ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടി. അഞ്ചാം തരത്തിൽ നടന്ന പരീക്ഷയിലും അൻജൂം മൂപ്പനായിരുന്നു സുഊദി തലത്തിൽ ഒന്നാം റാങ്ക്. ഹൈഫ സൈനബ്, ദിൽഷാദ് മൻസൂർ എന്നിവർ ഏഴാം ക്ലാസ് പരീക്ഷയിൽ അഖ്റബിയ്യ മദ്റസയിൽ നിന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി. അഞ്ചാം ക്ലാസ് പരീക്ഷയിൽ ശാമിൽ നിയാസ് ഒന്നാം സ്ഥാനം നേടിയപ്പോൾ സാഹിൻ നസീർ, ശാമിൽ അബ്ദുസ്സമദ് എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടി.



*അൻജൂം മൂപ്പൻ*



*ശാമിൽ നിയാസ്*

ഏഴാം തരത്തിൽ 12 കുട്ടികൾ പരീക്ഷയെഴുതിയതിൽ ഒരു റാങ്ക്, എട്ട് ഡിസ്റ്റിങ്ഷൻ, മൂന്ന് ഫസ്റ്റ് ക്ലാസ് നേടി. 28 കുട്ടികൾ എഴുതിയ അഞ്ചാം ക്ലാസ് പരീക്ഷയിൽ 10 ഡിസ്റ്റിങ്ഷൻ, 13 ഫസ്റ്റ് ക്ലാസ് എന്നിവയോടെ മുഴുവൻ വിദ്യാർഥികളും വിജയിച്ചു. കിഴക്കൻ പ്രവിശ്യയിൽ മലയാളി സമൂഹം നടത്തുന്ന ഏറ്റവും വലിയ മദ്റസ സംവിധാനമാണ് അഖ്റബിയ്യയിൽ പ്രവർത്തിക്കുന്നത്. കെ.ജി തലം മുതൽ ഏഴാം ക്ലാസ് വരെ പ്രവർത്തിക്കുന്ന മദ്റസയിൽ 250ലധികം കുട്ടികൾ പഠിക്കുന്നുണ്ട്. ബുധൻ, വ്യാഴം ദിവസങ്ങളിൽ പ്രവർത്തിക്കുന്ന മദ്റസയിലേക്ക് ഖോബാറിൻെറ വിവിധ ഭാഗങ്ങളിൽ നിന്ന് വാഹന സൗകര്യമുണ്ട്. പുതിയ അഡ്മിഷന് 0563504313, 0557376544 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

മദ്റസാ വാർഷിക പരീക്ഷയിൽ ഉന്നത ജയം നേടിയ വിദ്യാർഥികളെയും അർപണ ബോധത്തോടെ പ്രവർത്തിച്ച അധ്യാപകരെയും പ്രിൻസിപ്പൽ അഭിനന്ദിച്ചു.

## എഴുത്തുകാരുടെ/റിപ്പോർട്ടർമാരുടെ ശ്രദ്ധക്ക്

*പ്രബോധനം* ഇന്റർനാഷ്നലിലേക്കുള്ള ലേഖനങ്ങളും 'ഗൾഫ് വിശേഷ'ത്തിലേക്കുള്ള വാർത്തകളും താഴെ വിലാസത്തിൽ മാത്രം അയക്കുക. അയക്കുന്ന ഫോട്ടോകൾക്ക് ഇംഗ്ലീഷിലോ മലയാളത്തിലോ കാപ്ഷൻ നൽകിയിരിക്കണം

**editorprabodhanam@gmail.com**

-എഡിറ്റർ